പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3822 | 19.02.2013 - ൽ മറുപടിയ്ക്ക്

## ടാക്സി ഡ്രൈവർ കൊലചെയ്യപ്പെട്ട സംഭവം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ചേലക്കര ചെട്ടിത്തെരുവ് ആലക്കപ്പറമ്പിൽ മുത്തു മകൻ ടാക്സി ഡ്രൈവർ രഘു 2012 ഡിസംബർ 7ന് പാലക്കാട് ജില്ലയിൽ തിരുനെല്ലായിപാലത്തിനു സമീപം കൊലചെയ്യപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) പ്രസ്തുത കൊലപാതകവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ബി) | പാലക്കാട് ജില്ലയിലെ ടൗൺ സൗത്ത് പോലീസ് സ്റ്റേഷൻ പരിധിയിലെ തിരുനെല്ലായി പുഴ പാലത്തിനു സമീപം 07.12.2012-ാം തീയതി ഉദ്ദേശം 7 മണിയോടുകൂടി ഏകദേശം 38 വയസ് പ്രായം വരുന്ന ഒരു യുവാവിന്റെ മൃതശരീരം കഴുത്തിനും വയറിനും തലയ്ക്കും ഗുരുതരമായി പരിക്ക് പറ്റി വെള്ളത്തിൽ കാണപ്പെടുകയുണ്ടായി. ഇതു സംബന്ധിച്ച് പാലക്കാട് ടൗൺ പോലീസ് സ്റ്റേഷൻ ക്രൈം നം. 2705/12 u/s. 302, 397, 201, 120(B), 118 r/w 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും തുടർന്നുള്ള അന്വേഷണത്തിൽ മരണപ്പെട്ടയാൾ രഘു @ കണ്ണൻ (S/o. മുത്തു, വയസ്സ് 38, ആലക്കപറമ്പിൽ വീട്, |

| | | |
|---|---|---|
| | | ചെട്ടിതെരുവ്, ചേലക്കര, തൃശൂർ) എന്നയാൾ KL 49 B 8523 എന്ന കാറിന്റെ ഡ്രൈവറാണെന്നും രഘുവിനെ കൊലപ്പെടുത്തി വാഹനം മോഷ്ടിക്കണമെന്നുള്ള ഉദ്ദേശ-ത്തോടുകൂടി 8 പേരടങ്ങുന്ന പ്രതികൾ ടിയാനെ കൊലപ്പെടുത്തി തിരുനെല്ലായി പുഴയിൽ ഉപേക്ഷിക്കുകയും വാഹനമായ ടവേര കാർ മോഷ്ടിച്ച് കടന്ന് കളഞ്ഞതായും വെളിവായിട്ടുണ്ട്. തുടർന്നുള്ള അന്വേഷണത്തിൽ വാഹനം പിടിച്ചെടുക്കുകയും 2 മുതൽ 8 വരെയുള്ള പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി കേസിലെ ഒന്നാം പ്രതിയായ പ്രസാദ് ഒളിവിലായതിനാൽ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. |
| (സി) | കൊലപാതകത്തിൽ ഉൾപ്പെട്ട മുഴുവൻ പ്രതികളെയും പിടികൂടിയിട്ടുണ്ടോ; | (സി) & (ഡി) ഇല്ല. ടി കേസിലെ ഒന്നാം പ്രതിയായ പ്രസാദ് ഒളിവിലായതിനാൽ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. |
| (ഡി) | എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | |
| (ഇ) | കൊലപാതക കേസ്സിലെ പ്രധാന പ്രതിയെ ഉൾപ്പെടെയുള്ളവരെ ഇനിയും പിടികൂടേണ്ടതായിട്ടുണ്ടോ; | (ഇ) ഉണ്ട്. ടി കേസിലെ ഒന്നാം പ്രതിയായ പ്രസാദ് ഒളിവിലായതിനാൽ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (എഫ്) | പ്രസ്തുത പ്രതികളെ മുഴുവൻ അറസ്റ്റ് ചെയ്യുവാനും കാലതാമസം കൂടാതെ അന്വേഷണം പൂർത്തിയാക്കി നിയമത്തിനു മുമ്പിലെത്തിക്കുവാനും നടപടി സ്വീകരിക്കുമോ? | (എഫ്) | ടി കേസിൽ ഊർജിതമായ അന്വേഷണം നടന്ന് വരികയാണ്. ഒന്നാം പ്രതിയെ അറസ്റ്റ് ചെയ്യുകയും അന്വേഷണം പൂർത്തിയാക്കി കുറ്റവാളികളെ നിയമത്തിനു മുമ്പിലെത്തിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ